**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2962** **12-07-2022 - ൽ മറുപടിയ്ക്ക്**

**ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 2021-22 സാമ്പത്തിക വർഷം സുഭിക്ഷ കേരളം , ജനകീയ മത്സ്യകൃഷി പദ്ധതിയ്ക്കായി 98 കോടി രൂപയുടെ ഭരണാനുമതി നൽകുകയും അതനുസരിച്ച് വിവിധ മത്സ്യകൃഷി രീതികൾ നടപ്പിലാക്കി പൂർത്തീകരിച്ചു വരുന്നു. കൂടാതെ 2020-21 സാമ്പത്തിക വർഷം PMMSY പദ്ധതിയിലുൾപ്പെടുത്തി 53.925 കോടി രൂപ അടങ്കൽ തുക വരുന്ന റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം , ബയോഫ്ളോക്ക് അക്വാകൾച്ചർ സിസ്റ്റം എന്നീ നൂതന മത്സ്യകൃഷി രീതികളും, അഡാക്ക് മുഖേന ബാണാസുരസാഗർ, കാരാപ്പുഴ, പെരുവണ്ണാമൂഴി, കക്കി റിസർവോയറുകളിൽ PMMSY പദ്ധതിയിലുൾപ്പെടുത്തി 16 കോടി രൂപ ചെലവിലും, റീബിൽഡ് കേരള പദ്ധതി വഴി 3.2 കോടി രൂപ ചെലവിലും ഉൾപ്പെടെ ആകെ 490 കൂടുകളിൽ മത്സ്യകൃഷിയും നടപ്പിലാക്കി പൂർത്തീകരിച്ച് വരുന്നു. PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി 2021-22 സാമ്പത്തിക വർഷം 78.90 കോടി രൂപ അടങ്കൽ തുക വരുന്ന വിവിധ കൃഷി രീതികളായ ബയോഫ്ളോക്, RAS, ഓരുജല കൂട്കൃഷി, കുളങ്ങളിലെ ഓരുജല കൃഷി, പിന്നാമ്പുറങ്ങളിലെ അലങ്കാര മത്സ്യ റിയറിംഗ യൂണിറ്റ്, സംയോജിത അലങ്കാര മത്സ്യങ്ങളുടെ റിയറിംഗ് യൂണിറ്റ് എന്നീ മത്സ്യകൃഷി പദ്ധതികൾ നടപ്പിലാക്കി വരുന്നു. അഡാക്ക് വഴി 10.8180 കോടി രൂപയുടെ റിസർവോയർ വികസന പദ്ധതിയ്ക്കു കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭ്യമായിട്ടുണ്ട്. ആയത് |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതികൾക്കുപരി 2022-23 സാമ്പത്തിക വർഷത്തിൽ മത്സ്യകൃഷി വികസന പ്രവർത്തനങ്ങൾക്കായി 66.62 കോടി രൂപയും, പിന്നാമ്പുറ വിത്തുൽപ്പാദന യൂണിറ്റുകൾക്കായി 5 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. |
| (ബി) | ഉൾനാടൻ മത്സ്യകൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് സർക്കാർ നൽകി വരുന്ന സഹായങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | (ബി) | ഉൾനാടൻ മത്സ്യകൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി പദ്ധതി പ്രകാരം ഓരോ കൃഷി രീതിയ്ക്കനുസൃതമായി പുതിയതായി സ്ഥാപിക്കുന്ന യൂണിറ്റുകൾക്ക് യൂണിറ്റു തുകയുടെ 40% ധനസഹായം നൽകുന്നു. കൂടാതെ മുൻവർഷങ്ങളിൽ സ്ഥാപിച്ച യൂണിറ്റുകൾക്ക് ഓപ്പറേഷൻ കോസ്റ്റിന്റെ 20% വും ധനസഹായമായി നൽകുന്നു. പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന പദ്ധതി പ്രകാരം തെരഞ്ഞെടുത്ത ഗുണഭോക്താക്കളായ ജനറൽ വിഭാഗത്തിൽപ്പെട്ട മത്സ്യ കർഷകർക്ക് യൂണിറ്റു തുകയുടെ 40% ധനസഹായവും, വനിതകൾക്കും പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മത്സ്യ കർഷകർക്കും യൂണിറ്റ് തുകയുടെ 60% ധനസഹായമായും നൽകി വരുന്നു. 2021-22 സാമ്പത്തിക വർഷത്തിലെ സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി പദ്ധതിയിലൂടെ മത്സ്യകർഷകർക്ക് നൽകുന്ന സാമ്പത്തിക സഹായത്തിന്റെ വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. |
| (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കൂടുതൽ സ്ഥലങ്ങളിലും ജലസേചനാവശ്യത്തിനായി നിർമ്മിച്ചിട്ടുള്ള റിസർവോയറുകളിലും മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ എന്ന് വിശദീകരിക്കാമോ? | (സി) | 2021-22 സാമ്പത്തിക വർഷം സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി പദ്ധതിയുടെ ഭാഗമായി ഫിഷറീസ് വകുപ്പ് തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് പടുതാക്കുളത്തിലെ മത്സ്യകൃഷി, ബയോഫ്ളോക്ക് മത്സ്യകൃഷി എന്നീ ഘടക പദ്ധതികൾക്കായി ഫിഷറീസ് വകുപ്പ് വിഹിതമായി 704.40 ലക്ഷം രൂപ വകയിരുത്തുകയും അതനുസരിച്ചുള്ള പദ്ധതികൾ നടപ്പിലാക്കി വരികയും ചെയ്യുന്നു. കൂടാതെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള 7,235 പൊതുകളങ്ങളിലും മത്സ്യകൃഷി നടപ്പിലാക്കി. റിസർവോയറുകളിൽ മത്സ്യ കൃഷി വ്യാപനത്തിനായി 2020-21 സാമ്പത്തിക വർഷം അഡാക്ക് മുഖേന പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന പദ്ധതിയിലുൾപ്പെടുത്തി 16 കോടി രൂപ ചെലവിലും |

| | | | |
|---|---|---|---|
| | | | റീബിൽഡ് കേരളയിലുൾപ്പെടുത്തി 3.2 കോടി രൂപ ചെലവിലും ആകെ 490 കൂടുകളിൽ മത്സ്യകൃഷി നടപ്പിലാക്കി പൂർത്തീകരിച്ച് വരുന്നു. 2021-22 സാമ്പത്തിക വർഷം അഡാക്ക് വഴി 10.8180 കോടി രൂപയുടെ റിസർവോയർ വികസന പദ്ധതിയ്ക്കും കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭ്യമായിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

2021-22 സാമ്പത്തിക വർഷത്തിലെ സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി പദ്ധതിയിലൂടെ മത്സ്യകർഷകർക്ക് നൽകുന്ന സാമ്പത്തിക സഹായത്തിന്റെ വിശദാംശങ്ങൾ

| ക്രമ നം | മത്സ്യകൃഷിരീതി | യൂണിറ്റ്കോസ്റ്റ് (ലക്ഷത്തിൽ) | ഒരു യൂണിറ്റിന് നൽകുന്ന സബ്സിഡി തുക ലക്ഷത്തിൽ |
|---|---|---|---|
| 1 | അർദ്ധ ഊർജ്ജിത ശുദ്ധജല മത്സ്യകൃഷി | 6.60/ ഹെക്ടർ | 2.64 (40%) |
| 2 | സ്വകാര്യകുളങ്ങളിലെ വിശാല കാർപ്പ്മത്സ്യകൃഷി | 0.03/ ഹെക്ടർ | 0.03 (100%) |
| 3 | പൊതുകുളങ്ങളിലെ വിശാല കാർപ്പ്മത്സ്യകൃഷി | 0.03/ ഹെക്ടർ | 0.03 (100%) |
| 4 | ഒരു നെല്ലും ഒരു മീനും കൃഷി | 0.20/ ഹെക്ടർ | 0.08 (40%) |
| 5 | അർദ്ധ ഊർജ്ജിത ഓരുജല മത്സ്യകൃഷി | 6.60/ ഹെക്ടർ | 2.64 (40%) |
| 6 | ഓരു ജലത്തിലെ വിശാല മത്സ്യകൃഷി | 0.20/ ഹെക്ടർ | 0.08 (40%) |
| 7 | ശാസ്ത്രീയ ചെമ്മീൻകൃഷി | 6.60/ ഹെക്ടർ | 2.64 (40%) |
| 8 | ഒരു നെല്ലും ഒരു ചെമ്മീനും കൃഷി | 0.24/ ഹെക്ടർ | 0.096 (40%) |
| 9 | ഞണ്ട്കൃഷി / കൊഴുപ്പിക്കൽ | 6.60/ ഹെക്ടർ | 2.64 (40%) |
| 10 | പടുതാകുളത്തിലെ ഊർജിത ശുദ്ധജല മത്സ്യകൃഷി | 1.23/ യൂണിറ്റ് | 0.492 (40%) |
| 11 | ബയോഫ്ളോക്ക്കൃഷി (20 cub m) | 1.38/ യൂണിറ്റ് | 0.552 (40%) |
| 12 | ബയോഫ്ളോക്ക്കൃഷി (50 cub m) | 3.75/ യൂണിറ്റ് | 1.50 (40%) |
| 13 | ബയോഫ്ളോക്ക്കൃഷി (160 cub m) | 7.50/ യൂണിറ്റ് | 3.00 (40%) |
| 14 | റീസർക്കുലേറ്ററി അക്വാകൾച്ചർസിസ്റ്റം (50 cub m) | 5 /യൂണിറ്റ് | 2.00 (40%) |
| 15 | റീസർക്കുലേറ്ററി അക്വാകൾച്ചർസിസ്റ്റം (100 cub m) | 7.50/ യൂണിറ്റ് | 3.00 (40%) |
| 16 | ശുദ്ധജലത്തിലെ കൂടുകൃഷി | 3.4/യൂണിറ്റ് | 1.36 (40%) |
| 17 | ഓരുജലത്തിലെ കൂടുകൃഷി | 3.4/യൂണിറ്റ് | 1.36 (40%) |
| 18 | കല്ലുമ്മേക്കായ കൃഷി | 0.15/ യൂണിറ്റ് | 0.06 (40%) |
| 19 | പിന്നാമ്പുറങ്ങളിലെ കരിമീൻവിത്തുല്പാദനം | 2.0/ യൂണിറ്റ് | 0.80 (40%) |
| 20 | പിന്നാമ്പുറങ്ങളിലെ വരാൽവിത്തുല്പാദനം | 2.0/ യൂണിറ്റ് | 0.80 (40 %) |